LIBRARY ARCHIVES Kerala Legislative Assembly

അട്ടപ്പാടി ഐ.റ്റി.ഡി.പി. പ്രോജക്ട് ഓഫീസറുടെ സ്ഥലംമാറ്റം

217 (8053) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി ഐ.റ്റി.ഡി.പി. പ്രോജക്ട് ഓഫീസറെ സ്ഥലംമാറ്റാൻ തീരുമാനിച്ചിട്ടുണ്ടോ ; സ്ഥലംമാറ്റ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ഇദ്ദേഹത്തിന്റെ സ്വദേശം എവിടെയാണ് ; സ്ഥലംമാറ്റാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രോജക്ട് ഓഫീസറുടെ നടപടികളെകുറിച്ച് പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) എന്ന് മുതലാണ് പ്രോജക്ട് ഓഫീസർ ഇവിടെ ജോലി ചെയ്യുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അട്ടപ്പാടി ഐ.റ്റി.ഡി.പി. പ്രോജക്ട് ഓഫീസർ ഗ്രാമ വികസന വകുപ്പിൽ നിന്നുള്ള അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ റാങ്കിലുള്ള ഉദ്യോഗസ്ഥനാണ്. ആയതിനാൽ മേൽ ഉദ്യോഗസ്ഥന്റെ സ്ഥലംമാറ്റം സംബന്ധിച്ച വിവരം പട്ടികവർഗ്ഗ വികസന വകുപ്പിൽ ലഭ്യമല്ല.

(ബി - ഡി) ബാധകമല്ല.

പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം

218 (8054) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാമിൽ ആരുടെയെല്ലാം സഹകരണമാണ് പ്രയോജനപ്പെടുത്തുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം നോർക്ക റൂട്ട്സിന്റെ സഹകരണത്തോടുകൂടിയാണ് സംഘടിപ്പിച്ചുവരുന്നത്. വിദേശ രാജ്യങ്ങളിലേക്ക് തൊഴിലന്വേഷിച്ച് പോകുന്ന യുവജനങ്ങൾക്ക് വിദേശ രാജ്യങ്ങളിലെ തൊഴിൽ നിയമങ്ങൾ, വിസയും പാസ്പോർട്ടുമായി ബന്ധപ്പെട്ട കാര്യങ്ങൾ, എയർ ട്രാൻസ്പോർട്ടേഷൻ സംബന്ധമായ വിവരങ്ങൾ, ഭാഷാശൈലി, ആചാര മര്യാദകൾ തുടങ്ങിയവയെക്കുറിച്ച് വ്യക്തമായ വിവരങ്ങൾ നൽകുന്നതിന് ഉദ്ദേശിച്ചുള്ള ഒരു പദ്ധതിയാണ് പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം. പരിപാടിയുടെ നടത്തിപ്പിന്റെ 50% തുക നോർക്കയാണ് ചെലവഴിക്കുന്നത്. പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം 2011-12 സാമ്പത്തിക വർഷത്തിൽ എല്ലാ ജില്ലകളിലും സംഘടിപ്പിച്ചിട്ടുണ്ട്. യുവജനങ്ങൾക്ക് ഒരു ദിവസത്തെ പരിശീലനമാണ് നൽകിയിരുന്നത്.

മാധ്യമരംഗത്തേക്ക് കടന്നുവരുവാൻ ആഗ്രഹിക്കുന്ന യുവജനങ്ങൾക്ക് ദിശാബോധം നൽകുന്നതിന് ക്ലാസുകൾ

219 (8055) ശ്രീ. ഹൈബി ഈഡൻ :

ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. പി. സി. വിഷ്ണുനാഥ് :

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ മാധ്യമ രംഗത്തേക്ക് കടന്നുവരുവാൻ ആഗ്രഹിക്കുന്ന യുവജനങ്ങൾക്ക് ദിശാബോധം നൽകുന്നതിന് ക്ലാസുകൾ സംഘടിപ്പിക്കുന്നതിനുള്ള പരിപാടിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എന്തെല്ലാം കാര്യങ്ങളാണ് ഇത് വഴി നടപ്പാക്കിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) ആരുടെയെല്ലാം സഹകരണമാണ് ഇതിനായി പ്രയോജനപ്പെടുത്തുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?